(സി) വ്യവസായ സംരഭകത്വ സംസ്കാരം സൃഷ്ടിക്കുന്നതിലും സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിലും ഉണ്ടായിട്ടുള്ള വീഴ്ചകൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) സംരംഭകത്വത്തെ വളർത്തിയെടുക്കാൻ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുകയുണ്ടായോ; ഇനിയും സാക്ഷാത്കരിക്കപ്പെട്ടിട്ടില്ലാത്തവയുടെ നിജസ്ഥിതി വെളിപ്പെടുത്താമോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ&ബി) വ്യവസായ വികസനം സാധ്യമാക്കുന്നതിന് അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി വ്യവസായ വകുപ്പിന്റെ വിവിധ ഏജൻസികളായ കെ.എസ്.ഐ.ഡി.സി., വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കിൻഫ്ര എന്നിവർ സ്വീകരിച്ച നടപടികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) ഇത്തരത്തിൽ വീഴ്ച ഉണ്ടായിട്ടില്ല.

(ഡി) പ്രഖ്യാപിച്ച ഭൂരിഭാഗം പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. ശേഷിക്കുന്ന പദ്ധതികൾ സർക്കാരിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്.

മലിനീകരണ നിയന്ത്രണത്തിന് കർമ്മ പദ്ധതി

15(*195) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലിനീകരണ നിയന്ത്രണത്തിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) മലിനീകരണ നിയന്ത്രണത്തിനും അതുവഴി പരിസ്ഥിതി സംരക്ഷണത്തിനുമായുള്ള പദ്ധതികൾ മലിനീകരണ നിയന്ത്രണ ബോർഡുവഴി സംസ്ഥാനത്ത് നടപ്പാക്കിവരുന്നു.

- മലിനീകരണ നിയന്ത്രണത്തിനായി ജല (മലിനീകരണ നിവാരണവും നിയന്ത്രണവും) നിയമം 1974, വായു (മലിനീകരണ നിവാരണവും നിയന്ത്രണവും) നിയമം, 1981, പരിസ്ഥിതി സംരക്ഷണ നിയമം തുടങ്ങിയ നിയമങ്ങളും അനുബന്ധ ചട്ടങ്ങളും പ്രകാരം മലിനീകരണ സാധ്യതയുള്ള എല്ലാ പ്രവർത്തനങ്ങളും ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്ന് മലിനീകരണ നിയന്ത്രണത്തിനായുള്ള നടപടികൾ സ്വീകരിക്കുന്നു.

- ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഓൺലൈൻ കൺസെന്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്.

- ജല/വായു ഗുണനിലവാര നിരീക്ഷണ ഫലങ്ങൾ പൊതുജനങ്ങളുടെ അറിവിലേയ്ക്ക് പ്രദർശിപ്പിക്കുന്നതിനായി ആസ്ഥാന ഓഫീസിന്റെ മുമ്പിൽ ഒരു ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.

- ജല/വായു ഗുണനിലവാര പരിശോധനയ്ക്കായി NABL അക്രഡിറ്റേഷനോടു കൂടിയ കേന്ദ്ര പരിശോധനശാല എറണാകുളത്തും എല്ലാ ജില്ലാ ഓഫീസുകളോടും ചേർന്ന് ജില്ലാ പരിശോധനശാലയും പ്രവർത്തിച്ചുവരുന്നു.

- ഫെസ്റ്റിവൽ മോണിറ്ററിംഗിന്റെ ഭാഗമായി ശബരിമല തീർത്ഥാടന കേന്ദ്രം, മാരാമൺ കൺവെൻഷൻ, ആറ്റുകാൽ എന്നിവിടങ്ങളിൽ ഉത്സവ സമയത്ത് ബോർഡ് മോണിറ്ററിംഗും നടത്തുന്നു.

- എറണാകുളം ജനറൽ ആശുപത്രി, പത്തനംതിട്ട ജനറൽ ആശുപത്രി, വടക്കാഞ്ചേരി താലൂക്കാശുപത്രി എന്നിവിടങ്ങളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനും പാമ്പാടി താലൂക്കാശുപത്രിയിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റിനും ഖാദി ആന്റ് വില്ലേജ് അസോസിയേഷന് ഡൈ ഹൗസിൽ നിന്നുള്ള മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള പ്ലാന്റിനും ബോർഡ് സാമ്പത്തിക സഹായം നൽകി നടപ്പാക്കി. കൊല്ലം ജനറൽ ആശുപത്രി, വിക്ടോറിയ ആശുപത്രി എന്നിവിടങ്ങളിലെ സീവേജ് ശുദ്ധീകരിക്കുന്നതിനുള്ള ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്തിന് സാമ്പത്തിക സഹായം നൽകി. ശബരിമല സീസൺ കാലത്ത് എരുമേലി തോട്ടിലെ മലിനീകരണ പ്രശ്നം പരിഹരിക്കുന്നതിനായി ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ബോർഡ് അവിടെ സ്ഥാപിച്ച് ദേവസ്വം ബോർഡിന് കൈമാറി. കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്ഥാപിച്ച സീവേജ് സംസ്കരണ പ്ലാന്റിൽ നിന്നുള്ള ശുദ്ധീകരിച്ച പാഴ്ജലം ഒഴുക്കി കളയുവാൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ബോർഡ് സാമ്പത്തിക സഹായം നൽകി.

LIBRARY ARCHIVES Kerala Legislative Assembly

• തിരുവനന്തപുരം നഗരത്തിലെ ശബ്ദ നിലവാര മാപ്പിംഗ് നടത്തുന്നതിനുള്ള നടപടി കേന്ദ്ര സർക്കാർ സ്ഥാപനമായ സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് നടപ്പാക്കിവരുന്നു. തിരുവനന്തപുരം നഗരത്തിലെ വാഹനങ്ങൾ മൂലമുണ്ടാകുന്ന അന്തരീക്ഷ മലിനീകരണം സംബന്ധിച്ച് NATPAC മുഖേന പഠനം നടത്തിവരുന്നു.

• പൊതുജന ബോധവൽക്കരണം മലിനീകരണ നിയന്ത്രണത്തിന് ഒരു പ്രധാന ഘടകമാണ്. ഇതിനായി പത്ര-ദൃശ്യ മാധ്യമങ്ങൾ വഴി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

(ബി) സംസ്ഥാനത്ത് എല്ലാ മേഖലകളിലും മാലിന്യത്തിന്റെ തോത് നിയന്ത്രണാധീനമാക്കുന്നതിനായാണ് മേൽപ്പറഞ്ഞ നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുവഴി നടപ്പാക്കിവരുന്നത്.

(സി) ബോർഡിന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനായി കമ്പ്യൂട്ടർവത്കരണത്തിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ബോർഡിന്റെ മുഖ്യ പ്രവർത്തനങ്ങളിൽ ഒന്നായ കൺസെന്റ് അഡ്മിനിസ്ട്രേഷൻ കൂടുതൽ കാര്യക്ഷമവും സുതാര്യവും കറ്റമറ്റതുമാക്കുന്നതിനായി നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.) ന്യൂഡൽഹി വികസിപ്പിച്ച ഓൺലൈൻ കൺസെന്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് സിസ്റ്റം (OCMMS) എന്ന സ്വതന്ത്ര സോഫ്റ്റ്വെയർ NIC-യുടെ തിരുവനന്തപുരത്ത സ്റ്റേറ്റ് സെന്ററിന്റെ കൂടി സഹായത്താൽ 2014 ജൂൺ മുതൽ ബോർഡിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. ബോർഡിന്റെ എല്ലാ ഓഫീസുകളിലും ആവശ്യമായ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ എന്നിവയും ഇന്റർനെറ്റും ലഭ്യമാക്കിയിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണവും അതിനുള്ള നിയമ പരിപാലനവും ഉറപ്പാക്കുന്നതിനായി മേഖലാടിസ്ഥാനത്തിൽ അധികാരികളെ നിയോഗിക്കുകയും പാരിസ്ഥിതിക പ്രശ്നങ്ങൾ തക്കസമയത്ത് അധികാരികളെ അറിയിച്ച് പരിഹാര നടപടികൾ കൈക്കൊള്ളുന്നതിന് മതിയായ അധികാരത്തോടെ 'പരിസ്ഥിതി കാവൽ സംഘം' ആയി പ്രവർത്തിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് തലത്തിൽ ജൈവവൈവിധ്യ പരിപാലന സമിതികളെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പൊതുജനാരോഗ്യത്തിന് ഭീഷണിയാകുന്ന ആശുപത്രി മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടികൾ വിട്ടുവീഴ്ച കൂടാതെ സ്വീകരിക്കണമെന്നും പ്രവർത്തനാനുമതി നൽകിയിട്ടുള്ള ആശുപത്രികളിൽ മലിനീകരണ നിയന്ത്രണ നടപടികൾ നിയമാനുസൃതമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാനും മലിനീകരണ നിയന്ത്രണ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങൾക്കും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ആതറൈസേഷൻ നിർബന്ധമാക്കുകയും ഉപയോഗ ശൂന്യമായ സിറിഞ്ചുകൾ സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly